ആരോഗ്യ വകുപ്പുമന്ത്രി (*ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ*):

(എ) ഉണ്ട്.

(ബി) ഉണ്ട്. കുടുംബവാർഷിക വരുമാനം 24,000 രൂപയിൽ കവിയാത്തവരും സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികൾ, ശ്രീ ചിത്തിരതിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസ് & ടെക്നോളജി എന്നിവിടങ്ങളിൽ ചികിത്സിക്കപ്പെടുന്ന രോഗികൾക്ക് വൃക്ക മാറ്റിവെയ്ക്കൽ ശസ്ത്രക്രിയയ്ക്കായി പരമാവധി 15,000 രൂപ വരെ 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവറി'-ൽ നിന്നും ധനസഹായം അനുവദിക്കുന്നുണ്ട്.

(സി) & (ഡി) സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിലാണ് ഡയാലിസിസ് ചികിത്സ നൽകുന്നത്. ഡയാലിസിസ് ചികിത്സയ്ക്ക് 'സൊസൈറ്റി ഫോർ മെഡിക്കൽ അസിസ്റ്റൻസ് ടു ദി പുവർ' മുഖേന ധനസഹായം നൽകുന്നില്ല.

(ഇ) ഹെൽത്ത് സർവ്വീസസ് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുള്ള ആശുപത്രികളിൽ ഡയാലിസിസോ വൃക്കമാറ്റിവയ്ക്കൽ ശസ്ത്രക്രിയയോ നടക്കുന്നില്ല. സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളിൽ മാത്രമാണ് ഈ ചികിത്സാ സൗകര്യങ്ങൾ ഉള്ളത്.

പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങൾ നിക്ഷേപിക്കുന്നവർക്കെതിരെ നടപടി

*19 [375] *ശ്രീ. എ. എ. അസീസ്*: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശ സ്വയം ഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങളും ചപ്പുചവറുകളും നിക്ഷേപിക്കുന്നവർക്കെതിരെ കർശന നിയമം കൊണ്ടുവരുന്നതിന് ഗവൺമെന്റ് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (*ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി*):

1998-ലെ കേരള പഞ്ചായത്ത്രാജ് (പൊതുകക്കൂസുകൾ, മൂത്രപ്പുരകൾ, കുളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണവും സംരക്ഷണവും സ്വകാര്യ പരിസരങ്ങളിലെ ശുചീകരണവും) ചട്ടങ്ങളിലെ ചട്ടം 24 പ്രകാരവും കേരള മുനിസിപ്പാലിറ്റി ആക്ട് 340-ാം വകുപ്പ് 1-ം 2-ം ഉപവകുപ്പുകൾ പ്രകാരവും യാതൊരാളും പൊതുസ്ഥലങ്ങളിൽ ചവറോ മാലിന്യമോ അവശിഷ്ടങ്ങളോ ഇടുന്നതിനോ ഇടുവിക്കുന്നതിനോ പാടില്ലാത്തതാണെന്ന് ഇപ്പോൾ തന്നെ വ്യവസ്ഥയുണ്ട്.

ടി ചട്ടം ലംഘിക്കുന്നവർക്കെതിരെ പിഴ ചുമത്താനും വ്യവസ്ഥയുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യങ്ങളും ചപ്പുചവറുകളും നിക്ഷേപിക്കുന്നവർക്കെതിരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കുകയും പിഴ ശിക്ഷ ഈടാക്കുകയും ചെയ്തുവരുന്നു. ഈ വ്യവസ്ഥകൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുവാനും നിയമം ലംഘിക്കുന്നവർക്കെതിരെ നടപടിയെടുക്കാനും എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly